# 13-ാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 321 06.01.2014-ലെ മറുപടിക്ക്**

**കൈത്താങ്ങ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് 'കൈത്താങ്ങ്' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ | (എ) | ഉണ്ട്. അനാഥരായ പട്ടിക വർഗ്ഗ കുട്ടികളുടെ സംരക്ഷണത്തിനായി അവരുടെ രക്ഷിതാക്കൾക്ക് നൽകുന്ന ധനസഹായ പദ്ധതിയാണ് കൈത്താങ്ങ് |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | അനാഥരായ പട്ടിക വർഗ്ഗ കുട്ടികളുടെ സംരക്ഷണമാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടിക വർഗ്ഗത്തിൽപെടുന്ന മാതാപിതാക്കൾ നഷ്ടപ്പെട്ട, കുട്ടികളും, അച്ഛൻ, അമ്മ എന്നിവരിൽ ഒരാൾ മരിക്കുകയും മറ്റേയാൾ മാനസിക രോഗിയോ അല്ലെങ്കിൽ ക്യാൻസർ, റ്റി.ബി., തളർവാതം തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾ മൂലം കുട്ടികളെ പോറ്റാൻ കഴിവില്ലാത്തവരോ ആണെങ്കിൽ അവരുടെ കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആയിരിക്കും. |
| (സി) | അനാഥരായ ആദിവാസികുട്ടികളെ സംരക്ഷിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ 18 വയസ്സു വരെ സംരക്ഷിക്കുന്നതിനായി അവരുടെ രക്ഷിതാക്കൾക്കുണ്ടാകുന്ന സാമ്പത്തിക ചെലവുകൾക്ക് ഒരു സഹായം എന്ന നിലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തുക ചെലവഴിക്കുന്നതിനുള്ള സ്വാതന്ത്ര്യം രക്ഷിതാക്കളിൽ നിക്ഷിപ്തമാണ്. |
| (ഡി) | എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയനുസരിച്ച് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ഈ കുട്ടികൾക്ക് 18 വയസ്സാകുന്നതുവരെ പ്രതിമാസം 1000/-രൂപ (ആയിരം രൂപ മാത്രം) ധനസഹായമായി ബാങ്ക് വഴി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ആഫീസർ